(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വീട്ടുപറമ്പുകളിൽ നട്ടുവളർത്തുന്ന ചന്ദനമരങ്ങൾ സംരക്ഷിക്കുന്നതിന് വനം വകുപ്പ് പോലീസുമായി ചേർന്ന് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സ്വകാര്യ വ്യക്തികളുടെ പറമ്പുകളിൽ നിന്ന് ചന്ദന മരം മോഷ്ടിക്കുന്നവരെ പോലീസ് പിടികൂടുന്ന മുറയ്ക്ക് കേസ് വനം വകുപ്പിന് കൈമാറുന്നുണ്ട്. ഇത്തരം കേസുകളിൽ പ്രതികൾക്ക് വനനിയമങ്ങൾ പ്രകാരമുള്ള പരമാവധി ശിക്ഷ ഉറപ്പുവരുത്തുന്നുണ്ട്.

വനോത്പന്നങ്ങൾ

227(934) ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. ബി. രാഘവൻ :
ശ്രീ. എം. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനങ്ങളിൽ നിന്നും ഇപ്പോൾ ലഭിക്കുന്ന വനോത്പന്നങ്ങൾ എന്തെല്ലാമാണ് ;

(ബി) ഇവയുടെ വിൽപ്പന സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(സി) തടി വിൽപ്പനയിൽ കഴിഞ്ഞ 3 വർഷങ്ങളിൽ എത്ര രൂപ ലഭിച്ചു എന്ന് വ്യക്തമാക്കുമോ ; തേക്കുതടി പൊതുജനങ്ങൾക്ക് തടിഡിപ്പോകളിലൂടെ ചില്ലറവിൽപ്പനയ്ക്ക് നൽകുന്നുണ്ടോ ;

(ഡി) തടിയുടെ ചില്ലറവിൽപ്പന സംവിധാനം ഏർപ്പെടുത്തിയതിന്റെ ഫലമായി വരുമാനവർദ്ധനവ് ഉണ്ടായിട്ടുണ്ടോ ;

(ഇ) പട്ടികവർഗ്ഗക്കാർക്ക് കെട്ടിടനിർമ്മാണത്തിന് തടി നൽകുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണ് ;

(എഫ്) വനവിഭവങ്ങളുടെ വിപണനത്തിനായി രൂപീകരിച്ച വനശ്രീയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വനങ്ങളിൽനിന്നും വിവിധ ഇനം തടികളും, തടിയേതര വനവിഭവങ്ങളായി മുള, ഈറ, ചൂരൽ, ഔഷധ സസ്യങ്ങൾ തുടങ്ങിയ ചെറുകിട വനവിഭവങ്ങളും ലഭിക്കുന്നുണ്ട്.

(ബി) വനത്തിൽനിന്നും ശേഖരിക്കുന്ന തടികൾ സർക്കാർ തടി ഡിപ്പോകൾ വഴിയും ഡമ്പിങ്ങ് ഡിപ്പോകൾ വഴിയും പൊതു ദർഘാസ്/ലേല വ്യവസ്ഥയിലാണ് വിൽക്കുന്നത്. കൂടാതെ എല്ലാ തടി ഡിപ്പോകളിലും സ്വന്തം കെട്ടിട നിർമ്മാണത്തിന് ക്ലാസ്സ് II, ക്ലാസ്സ് III, തേക്ക് തടികൾ ചില്ലറ വിൽപ്പനയിലൂടെയും പൊതുജനങ്ങൾക്ക് നൽകുന്നുണ്ട്. യൂക്കാലിപ്റ്റസ്, അക്കേഷ്യ തുടങ്ങിയ പൾപ്പ്വുഡ്

LIBRARY ARCHIVES Kerala Legislative Assembly

മരങ്ങളും, ഈറ, മുള എന്നിവയും പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് അസംസ്കൃത പദാർത്ഥമായി സർക്കാർ അംഗീകരിച്ച വിലയിൽ നൽകിവരുന്നുണ്ട്. ഈറയും, മുളയും കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷന് നൽകുന്നുണ്ട്. ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശം ആദിവാസികൾക്ക് രണ്ട് ദശാബ്ദത്തിലേറെ കാലമായി സൗജന്യമായി നൽകിവരുന്നു.

(സി) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി (1-4-2008 മുതൽ 31-1-2011 വരെ) ആകെ 604.16 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ തേക്ക്, വീട്ടി, ചന്ദനം, പൾപ്പ്വുഡ് മറ്റിനങ്ങൾ ഉൾപ്പെടുന്നു. തേക്ക് തടിഡിപ്പോകളിലൂടെ ചില്ലറ വിൽപ്പന വഴി പൊതുജനങ്ങൾക്ക് നൽകുന്നുണ്ട്.

(ഡി) ക്ലാസ്സ് II, ക്ലാസ്സ് III, തേക്ക് തടികൾ ചില്ലറ വിൽപ്പന നടത്തുന്നുണ്ട്. ചെറിയ കുടുംബങ്ങൾക്ക് വീട് വയ്ക്കാൻ ലേലത്തിൽ പങ്കെടുക്കാത്ത തടി ലഭ്യമാക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് ചില്ലറ വിൽപ്പന സർക്കാർ നടപ്പിലാക്കുന്നത് ചില്ലറ വില്പനയുടെ ഫലമായി വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ഇ) വനം സെറ്റിൽമെന്റുകളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ഗൃഹനിർമ്മാണത്തിനുവേണ്ടി സീനിയറേജ് നിരക്കിന്റെ ഇരുപത്തിയഞ്ച് ശതമാനം നിരക്കിൽ 1.5 ക്യു.മീ. തടി (1/2 ക്യു.മീറ്റർ പ്ലാവ്/ആഞ്ഞിലി, 1 ക്യു.മീ. മരുതി/മറ്റിനം തടികൾ) ജി.ഒ. (എംഎസ്) 06/2007/വനം തീയതി 12-2-2007 ഉത്തരവനുസരിച്ച് നൽകിവരുന്നുണ്ട്. കൂടാതെ ഇ.എം.എസ്. ഭവന പദ്ധതി ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി, വനാവകാശ നിയമം 2006 എന്നിവയുൾപ്പെടെയുള്ള എല്ലാ സർക്കാർ ആവിഷ്കൃത പദ്ധതികളുടെയും ഗുണഭോക്താക്കളായ ദാരിദ്രരേഖയ്ക്ക് താഴെ വരുമാനമുള്ള പട്ടികവർഗ്ഗക്കാർക്ക് കോൺക്രീറ്റ് വീടിനു 1 ക്യു.മീറ്റർ, ഓടിട്ട വീടിന് 2 ക്യു.മി. എന്ന ക്രമത്തിൽ പ്ലാവ്/ആഞ്ഞിലി/മരുതി/ഇരുൾ/ചടച്ചി ഇനത്തിൽപ്പെട്ട തടികൾ, ലഭ്യതയനുസരിച്ച് സൗജന്യമായി നൽകുന്നതിന് 26-11-2009-ലെ ജി.ഒ. (എംഎസ്) 52/2009/വനം പ്രകാരം ഉത്തരവായിട്ടുണ്ട്.

(എഫ്) ഉണ്ട്. പങ്കാളിത്ത വനപരിപാലനവുമായി ബന്ധപ്പെട്ട അവലോകനങ്ങളിലും റിപ്പോർട്ടുകളിലും വനവിഭവങ്ങളുടെ വിപണനത്തിനായി രൂപീകരിച്ച വനശ്രീ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുന്നു.

ദേവികുളം ഗിരിജൻ-ഹരിജൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

228(935) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം ഗിരിജൻ-ഹരിജൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ഇടമലക്കുടി എന്ന സ്ഥാപനത്തിന്റെ പരിധിയിൽ ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നതിന് വനം വകുപ്പ് മറ്റ് സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയിട്ടുണ്ടോ:

LIBRARY ARCHIVES Kerala Legislative Assembly